(എച്ച്) തിരുവനന്തപുരം കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ പ്രസ്തുത തസ്തികയിൽ എത്ര കാലമായി തുടരുന്നു ; അദ്ദേഹം ഇനിയും എത്ര കാലം സർവ്വീസിലുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിട്ടയർ ചെയ്യുവാൻ രണ്ടു വർഷത്തിൽ താഴെ മാത്രം സർവ്വീസ് അവശേഷിക്കുന്നവർക്ക് അവർ ആവശ്യപ്പെടുന്ന സ്റ്റേഷനിലേയ്ക്ക് മാറ്റം കിട്ടാൻ അർഹതയുണ്ട്.

(ബി) ഇല്ല.

(സി) കേരള സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് മെമ്പറായിരുന്ന ഹിസോസംഘി അദ്ധ്യാപകനായ ശ്രീ. കെ. മാധവൻനായരെ തിരുവനന്തപുരത്ത് നിന്ന് കോട്ടയത്തെയ്ക്കും അവിടെ നിന്ന് ചിറ്റൂർക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

(ഡി) നിലവിലുള്ള ട്രാൻസ്ഫർ നോംസ് അനുസരിച്ച് മുൻഗണനാ ക്രമത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ, വികലാംഗർ, മിശ്രവിവാഹിതർ, വിമുക്ത ഭടൻമാർ, ജവാൻമാരുടെ ആശ്രിതർ, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ അച്ഛനമ്മമാർ സ്വാതന്ത്ര്യ സമര സേനാനികളുടെ മക്കൾ എന്നിവർക്ക് ട്രാൻസ്ഫറിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്. എന്നാൽ ഈ പരിഗണനയുടെ സംരക്ഷണം സേവനകാലത്ത് ആകെ പത്തു വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഇ) 31-3-2002 വരെ അദ്ദേഹത്തിന് സർവ്വീസിൽ തുടരാം.

(എഫ്) ആവശ്യപ്പെട്ടിരുന്നു.

(ജി) ട്രാൻസ്ഫർ നോംസ് അനുസരിച്ച് അദ്ദേഹത്തിന് തിരുവനന്തപുരത്തേക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിലും തിരുവനന്തപുരം കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പ്രിൻസിപ്പാളായ ശ്രീ. ജേക്കബ് മാത്യു കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറായതിനാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം തിരുവനന്തപുരത്ത് ആവശ്യം വേണ്ടതാണെന്ന് കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ അഭ്യർത്ഥിച്ച പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് അദ്ദേഹത്തെ തിരുവനന്തപുരം ടീച്ചർ എഡ്യൂക്കേഷൻ കോളേജിൽ തന്നെ തുടരാൻ അനുവദിച്ചിരിക്കുന്നത്.

(എച്ച്) പ്രസ്തുത തസ്തികയിൽ 4-4-97 മുതൽ തുടരുന്നു. അദ്ദേഹത്തിന് 31-5-2008 വരെ സർവ്വീസ് അവശേഷിക്കുന്നു.

പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

62(481) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പുതിയ കോളേജുകളും സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത കോളേജുകളും സ്കൂളുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ വർഷം ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ സർവ്വകലാശാലകളിൽ നിന്നും ലഭിച്ചിട്ടില്ല. ഗവൺമെന്റ് തലത്തിൽ രണ്ട് എഞ്ചിനീയറിംഗ് കോളേജുകളും നാല് പോളിടെക്നിക്കുകളും കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജും ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ നാല് എഞ്ചിനീയറിംഗ് കോളേജുകളും ഒരു പോളിടെക്നിക്കും സഹകരണ മേഖലയിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മാനേജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടും, കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജും ആരംഭിക്കുവാൻ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. ഐ. എച്ച്. ആർ. ഡി.യുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനും ഉദ്ദേശമുണ്ട്. സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആവശ്യമുണ്ടോയെന്നകാര്യം പരിശോധിച്ചുവരികയാണ്. 287 പ്ലസ് ടു സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്, ഇവയെല്ലാം ഈ വർഷം തന്നെ ആരംഭിക്കുകയും ചെയ്യും.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദേശ മലയാളികൾക്കുള്ള സീറ്റുകളുടെ ഡൊണേഷൻ

63(483) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ വിദേശ മലയാളികൾക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകൾക്ക് ഇപ്പോൾ എത്രരൂപ ഡൊണേഷനായി നിശ്ചയിച്ചിട്ടുണ്ട് ;

(ബി) സ്വാശ്രയ കോളേജുകൾ ആരംഭിച്ച സമയത്ത് ഡൊണേഷനായി നിശ്ചയിച്ചിരുന്നത് എത്ര രൂപയായിരുന്നു ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സ്വാശ്രയ കോളേജുകളുടെ ഫീസിനത്തിലും ഡൊണേഷൻ ഇനത്തിലും വിദേശമലയാളികൾക്കുള്ള സീറ്റുകളിൽ നിരക്കു വർദ്ധന വരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly